മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ശബരിമല പുൽമേട്ടിൽനടന്ന ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനായി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ബഹു. ഹൈക്കോടതിയോട് ആവശ്യപ്പെട്ടിരുന്നു.

(ബി) കമ്മീഷനെ നിയമിക്കുന്ന നടപടി പൂർത്തിയാവുന്ന മുറയ്ക്കേ ടേംസ് ഓഫ് റഫറൻസുകളുടെകാര്യം തീരുമാനിക്കാനാവൂ.

(സി&ഡി) ഹൈക്കോടതിയിൽ ജഡ്ജിമാരുടെ അഭാവമുള്ളതിനാൽ ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടാണെന്ന് ബഹു. ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തുതുടർനടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം

24 (*23) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മൂലധന സമാഹരണത്തിലെ ലക്ഷ്യം എത്ര തുകയാണെന്നും അതിൽ സർക്കാർ ഓഹരി എത്രയാണെന്നും വിശദമാക്കുമോ ;

(സി) ഓഹരികൾ പബ്ലിക് ഇഷ്യൂആയി വിൽപ്പന നടത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓഹരികൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആ പരിധി എത്രയെന്ന് വെളിപ്പെടുത്തുമോ ; പരിധി നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ഇ) വൻകിട മുതലാളിമാരെയും കുത്തക കമ്പനികളെയും വിമാനത്താവള കമ്പനിയുടെ ഓഹരി ഉടമകളാക്കുന്നതിൽനിന്ന് ഒഴിച്ചുനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) ഇതിനെ ഒരു ജനകീയ കമ്പനിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ജനകീയ പങ്കാളിത്തം വിപുലമാക്കാൻ ഉദ്ദേശിക്കുന്ന പരമാവധി ഓഹരി പരിധി എത്രതുകയായി നിശ്ചയിക്കാനാണ് തീരുമാനമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) 1956-ലെ കമ്പനി നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി. കമ്പനിയുടെ പ്രവർത്തനം, കമ്പനി നിയമവും ടി കമ്പനിയുടെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പനിയുടെ അംഗീകൃതമൂലധനം 1000 കോടി രൂപയാണ്. അതിൽ 500 കോടി രൂപയാണ് അടച്ചുതീർത്ത മൂലധനമായി നിശ്ചയിച്ചിട്ടുള്ളത്. ഈ 500 കോടി രൂപയിൽ 26 ശതമാനം സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും.

(സി) ഓഹരികൾ പബ്ലിക് ഇഷ്യൂആയി വിൽപ്പന നടത്താൻ ഉദ്ദേശിച്ചിട്ടില്ല.

(ഡി) കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ യോഗതീരുമാനപ്രകാരം കുറഞ്ഞ പരിധി 2001 എണ്ണം ഓഹരികളും, ഒരു ഓഹരിയുടെ വില നൂറ് രൂപയുമാണ്. കൂടിയ പരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(എഫ്) 31-3-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 38/2010/ട്രാൻ. നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ വിമാനത്താവള കമ്പനി 1956-ലെ കമ്പനി നിയമത്തിൽ നിർവ്വചിക്കപ്പെട്ടിരിക്കുന്ന പ്രകാരമുള്ള ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ടി ഉത്തരവ് പ്രകാരം സർക്കാരിന് ടി കമ്പനിയിൽ 26 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 23 ശതമാനവും 'ഇൻകൽ' പോലുള്ള സർക്കാർ പ്രൊമോട്ട് ചെയ്യുന്ന കമ്പനികൾക്ക് 2 ശതമാനവും സ്വകാര്യ മേഖലയ്ക്ക് 49 ശതമാനവും ഓഹരിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

റേഷൻകടകളിലൂടെ പലവ്യഞ്ജന വിതരണം

25 (*24) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ പലവ്യഞ്ജനങ്ങൾ വിതരണംചെയ്യാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പൊതുവിപണിയിൽനിന്നും എത്ര ശതമാനം വിലക്കുറവിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) വിതരണത്തിന് ആവശ്യമായ പലവ്യഞ്ജനങ്ങൾ എങ്ങനെ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly